(ഡി) പത്താം പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിക്കും വെവ്വേറായ തുക താഴെ കൊടുക്കും പ്രകാരമാണ്:

വർഷം	പുതുക്കിയ അടങ്കൽ തുക	വെവ്വേറഴിച്ച തുക
	(രൂപ കോടിയിൽ)	
2002-2003	3425.00	3943.99
2003-2004	3796.23	3617.63
2004-2005	3913.57	3485.33*

*താൽക്കാലിക കണക്ക്

വിഭവ വിഭ്യത കണക്കിലെടുത്ത് പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തേണ്ടതായിട്ടാണ് വന്നിട്ടുള്ളത്.

(ഇ) പത്താം പദ്ധതിയിൽ 2002-2003 മുതൽ 2004-2005 വരെ വിവേഴിച്ച തുക മൊത്തം അടങ്കലായ 24000 കോടി രൂപയുടെ 46 ശതമാനമാണ്.

ഭരണ നവീകരണ പരിപാടിയെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട്

4 [1834] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണ നവീകരണ പരിപാടി അനുസരിച്ച് നാളിതുവരെ എത്ര രൂപ വെവ്വേഴിച്ചു; ഇതിൽ കൺസൾട്ടൻസി ഫീസായി എത്ര തുക വെവ്വേഴിച്ചുവെന്നും ഏതൊക്കെ കൺസൾട്ടൻസിയാണെന്നും വ്യക്തമാക്കുമോ;

(ബി) എ. ഡി. ബി. പ്രതിനിധികൾ സംസ്ഥാന സന്ദർശനം നടത്തിയതിന്റെ ഭാഗമായുള്ള വെവ്വേറുകൾക്കായി ഈ സർക്കാർ എന്തു തുക വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഭരണ നവീകരണ പരിപാടിയെ സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2005 ജൂൺ അവസാനം വരെയുള്ള കണക്കനുസരിച്ച് ഭരണ നവീകരണ പരിപാടിയുടെ പൊതു ഉദ്യമങ്ങളുടെയും സേവന പ്രദാന പദ്ധതിയുടെയും നടത്തിപ്പിനായി 21,27,90,900 രൂപയുടെ പെയ്മെന്റ് ഉത്തരവ്/അഡ്വാൻസ്മെന്റ് വൗച്ചറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 22 വകുപ്പുകളിലെ അനേകം ഓഫീസുകൾ

LIBRARY ARCHIVES Kerala Legislative Assembly

വഴി സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നിന്നാണ് ഈ തുക പിൻവലിക്കേണ്ടത്. അതിനാൽ ട്രഷറികളിൽ നിന്ന് പിൻവലിക്കപ്പെട്ട തുകയുടെ യഥാർത്ഥ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ 2004-2005 വർഷത്തെ ഫിനാൻസ് അക്കൗണ്ട്സ് കൂടി പ്രസിദ്ധീകരിച്ചാൽ മാത്രമേ നിജപ്പെടുത്താനാവുകയുള്ളൂ.

ഭരണ നവീകരണ പരിപാടിക്കാവശ്യമായ കൺസൾട്ടൻസികളെ വിന്യസിക്കുന്നതും അവർക്കുള്ള ഫീസ് നൽകുന്നതും നെതർലാന്റ്സ് സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ ആയതിനാൽ ഈയിനത്തിൽ സർക്കാരിന് ചെലവുണ്ടായിട്ടില്ല.

(ബി) 2002-2003 സാമ്പത്തിക വർഷം മുതൽ 31-3-2005 വരെ എ. ഡി. ബി. പ്രതിനിധികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട് അതിഥി സൽക്കാരത്തിനും സംസ്ഥാനത്തിനകത്തെ യാത്രകൾക്കുമായി 2,18,619 രൂപ ചെലവായിട്ടുണ്ട്.

എ. ഡി. ബി. സംഘാംഗങ്ങളുടെ യാത്ര, താമസം, ഭക്ഷണം എന്നിവയ്ക്കുള്ള സജ്ജീകരണങ്ങളും ചെലവും അവർ നേരിട്ടാണ് വഹിക്കുന്നത്.

(സി) 2003-2004 വർഷത്തെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. സർക്കാർ വകുപ്പുകൾക്ക് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ട് നൽകാറില്ല. കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിയമസഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലാണ് ഓഡിറ്റിംഗ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നത്.

റവന്യൂ വരുമാനത്തെയും റവന്യൂ ചെലവിനെയും ബാധിച്ച അപ്രതീക്ഷിത സംഭവങ്ങൾ

5 [1835] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെയും റവന്യൂ ചെലവിനെയും സാരമായി ബാധിച്ച അപ്രതീക്ഷിതമായ എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയായിരുന്നുവെന്നും അതുവഴി വരുമാനത്തിലോ ചെലവിലോ ഉണ്ടായ വ്യതിയാനം എന്തുമാത്രമായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് ഉണ്ടായ അപ്രതീക്ഷിതമായ സംഭവങ്ങൾ 2004-ൽ ഉണ്ടായ വരൾച്ചയും 26-12-2004-ൽ സംഭവിച്ച സുനാമി ദുരന്തവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly